**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 687** — **02-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ പുനഃസംഘടന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര വൈദ്യുതി നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | (എ) | കേന്ദ്ര വൈദ്യുതിനിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ "കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്" എന്ന കമ്പനിയായി 2013-ൽ തന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള "കേരള ഇലക്ട്രിസിറ്റി സെക്കന്റ് ട്രാൻസ്ഫർ സ്കീം, 2013"- ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി വൈദ്യുതി നിയമം 2003 സെക്ഷൻ 131(1) അനുസരിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ആസ്തി ബാധ്യതകൾ 25.09.2008 തീയതി പ്രകാരം സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വൈദ്യുതി നിയമത്തിലെ തന്നെ സെക്ഷൻ 131(2) അനുസരിച്ച് 01.11.2013 തീയതി വച്ച് സർക്കാർ ഉടമസ്ഥതയിൽ പുതുതായി രൂപീകരിക്കപ്പെട്ട കമ്പനിയിലേക്ക് പ്രസ്തുത ആസ്തി ബാധ്യതകൾ തിരികെ കൈമാറ്റം ചെയ്യപ്പെടുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ